കേരള സർക്കാർ

# തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം

## (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013



പൊതുജന താൽപ്പര്യാർത്ഥം
വനിതാ ശിശു വികസന വകുപ്പ്

തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികപീഡനം (തടയലും നിരോധിക്കലും പരിഹാരവും) നിയമം 2013 ലെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിയ ബുക്ക്ലെറ്റ് നമ്മുടെ സഹപ്രവർത്തകയുടെ/സഹപ്രവർത്തകന്റെ അറിവിലേയ്ക്കായി നൽകുന്നു.

| | |
|---|---|
| ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര് | |
| തസ്തിക | |
| സ്ഥാപനത്തിന്റെ പേര് | |


ഹാ അല്ലാ ഇതെന്താ ആഫീസിൽ കയറാതെ ഇവിടെ മരച്ചുവട്ടിൽ നിൽക്കുന്നത്? കാറ്റ് കൊള്ളാൻ ഇറങ്ങിയ താണോ?
സ്ത്രീകൾക്ക് വേണ്ടിയുള്ള എന്തോ കമ്മറ്റിയുടെ ബോധവത്കരണ ക്ലാസ്സാണ് മാഡം. സ്ത്രീകളല്ലാത്തത് കൊണ്ട് ഞങ്ങളൊരു ചായ കുടിക്കാനിറങ്ങി.
ഇതെന്താ ഇവിടെ ഒരു ചർച്ച
എന്തോ കമ്മറ്റിയല്ല. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കു നേരെയുള്ള ലൈംഗിക പീഡനം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 പ്രകാരമുള്ള ഇൻറേർണൽ കമ്മറ്റി. ഓഫീസ് സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെ ലൈംഗികാതിക്രമമോ അതിനുള്ള ശ്രമങ്ങളോ ഉണ്ടായാൽ പരാതിപ്പെടാനുള്ള കമ്മറ്റിയാണത്. ഇതിനെക്കുറിച്ച് സ്ത്രീകൾ മാത്രമല്ല അറിയേണ്ടത്. ഓഫീസിൽ ആരെല്ലാം ജോലി ചെയ്യുന്നുണ്ടോ അവരെല്ലാം അറിഞ്ഞിരിക്കണം.


കുറ്റമാകാൻ സാധ്യതയുള്ള പ്രവർത്തികൾ എന്തൊക്കെയാണ്, അവയ്ക്കുള്ള ശിക്ഷാ നടപടികൾ എന്തൊക്കെയാണ് എന്നിവയൊക്കെ നമ്മളും അറിഞ്ഞിരിക്കേണ്ടേ? എങ്കിലല്ലേ തെറ്റുകൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുകയുള്ളൂ... അതോടൊപ്പം നമ്മുടെ സഹപ്രവർത്തകർക്കോ സുഹൃത്തുക്കൾക്കോ ദുരനുഭവം ഉണ്ടായാൽ എന്താണ് ചെയ്യേണ്ടത് എന്നും നമുക്ക് പറഞ്ഞു കൊടുക്കാമല്ലോ...
അത് സാറ് പറഞ്ഞത് ശരിയാണ്. എന്തൊക്കെയാണ് കുറ്റത്തിന്റെ പരിധിയിൽ വരുന്നത്?
സ്ത്രീക്ക് താത്പര്യമില്ലാത്ത എന്തുതരം ലൈംഗിക നീക്കങ്ങളും കുറ്റകരമാണ്. ഉദാഹരണത്തിന് അവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വിധത്തിൽ ചേർന്ന് നിൽക്കുക, സ്പർശിക്കുക, ലൈംഗികാവശ്യങ്ങൾ അഭ്യർത്ഥിക്കുക, ലൈംഗിക ചുവയുള്ള തമാശകളോ, ദ്വയാർത്ഥ പ്രയോഗങ്ങളോ ചേഷ്ടകളോ കാണിക്കുക, അത്തരം ചിത്രങ്ങളോ കമ്പ്യൂട്ടർ ഗ്രാഫിക്സോ കാണിക്കുക തുടങ്ങിയവയെല്ലാം ഈ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളാണ്.


അതേയോ? എന്റെ ഒരു സുഹൃത്തിന് മേലുദ്യോഗ സ്ഥന്റെ ഭാഗത്ത് നിന്നും അശ്ലീലം കലർന്ന പെരുമാറ്റം ഉണ്ടാകുന്നതായി പരാതി പറയുന്നുണ്ട്. അത് മൂലം അവൾ ജോലി ഉപേക്ഷിക്കുന്ന തിനെപ്പറ്റിപ്പോലും ചിന്തിക്കുക യാണത്രേ! ഈ കമ്മറ്റി എല്ലാ ഓഫീസുകളിലും ഉണ്ടാകുമോ മാഡം?
പത്തോ അതിൽ കൂടുതലോ ആളുകൾ ജോലി ചെയ്യുന്ന സ്ഥലത്ത് കമ്മറ്റി രൂപീകരി ക്കണം എന്നാണ് നിയമം. പത്ത് പേർ എന്നത് പത്ത് സ്ത്രീകൾ തന്നെ ആകണം എന്നില്ല. ഗവൺമെൻറ്, പൊതുമേഖല, പ്രൈവറ്റ് എന്നിങ്ങനെ വ്യത്യാസ മൊന്നുമില്ല. എല്ലായിടത്തും വേണം.
കൂടാതെ ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കായികപരിശീലന സ്ഥാപനങ്ങൾ എന്നിവിടങ്ങ ളിലും ഇന്റേർണൽ കമ്മറ്റി രൂപീകരിക്കണം. ഇനി പത്ത് പേരിൽ കുറവാണെങ്കിൽ, അതായത് കടകളിൽ ജോലി ചെയ്യുന്നവർ, വഴിയോര കച്ചവടക്കാർ, വീട്ടുജോലിക്കാർ തുടങ്ങിയ സ്ത്രീകൾക്ക് ജില്ലാ കളക്ടർ രൂപീകരിക്കുന്ന ജില്ലാ തലത്തിലുള്ള ലോക്കൽ കമ്മറ്റിയിൽ (LC) പരാതിപ്പെടാം.


എങ്കിലും പുരുഷന്മാരായ സഹപ്രവർത്തകരോടുള്ള വിരോധം തീർക്കാൻ ചിലരെങ്കിലും ഇത് ദുരുപയോഗം ചെയ്യാൻ സാധ്യതയില്ലേ?
പരാതിക്കാരി എന്ത് പറഞ്ഞാലും വിശ്വസിച്ച് നടപടിയെടുക്കുകയല്ല കമ്മറ്റി ചെയ്യുന്നത്. പകരം അനുതാപത്തോടെ പരാതി കേട്ട ശേഷം തെളിവുകളുടേയും മൊഴികളുടേയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ നീതിപൂർവ്വമായ നിർദ്ദേശങ്ങൾ മേലധികാരിക്ക് നൽകുക എന്നതാണ് കമ്മറ്റിയുടെ ഉത്തരവാദിത്വം.
നമ്മുടെ ഓഫീസിൽ നിന്നുള്ള അംഗങ്ങൾ തന്നെയാണോ കമ്മറ്റിയിൽ ഉണ്ടാകുക ?


കുറഞ്ഞത് നാല് അംഗങ്ങളെങ്കിലും കമ്മറ്റിയിൽ ഉണ്ടാകണം. ഇതിന്റെ പ്രിസൈഡിംഗ് ഓഫീസർ ആ ഓഫീസിലെ തന്നെ സീനിയർ ലെവൽ വനിതാ ഓഫീസർ ആകണം. പകുതിയിൽ കൂടുതൽ അംഗങ്ങൾ സ്ത്രീകൾ ആകണം. അംഗങ്ങളിൽ ഒരാൾ ഓഫീസിന് പുറത്ത് നിന്നുള്ള, സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് പരിചയമുള്ള വനിതാ സാമൂഹിക പ്രവർത്തകയാകണം എന്നും നിയമത്തിൽ പറയുന്നു.
അപ്പോൾ ഈ പ്രിസൈഡിംഗ് ഓഫീസർക്കാണോ മാഡം നമ്മൾ പരാതി നൽകേണ്ടത്?
അതെ. ഇനി ജോലിയുടെ ഭാഗമായി പോകുന്ന മറ്റൊരു ഓഫീസിലോ സ്ഥലത്തോ വച്ചാണ് മോശം അനുഭവം ഉണ്ടാകുന്നത് എന്ന് കരുതൂ. അപ്പോൾ സ്വന്തം ഓഫീസിലെയോ എതിർ കക്ഷിയുടെ ഓഫീസിലെയോ പ്രിസൈഡിംഗ് ഓഫീസർക്ക് പരാതി നൽകാം. സ്ഥാപനമേധാവിക്ക് ലഭിക്കുന്ന പരാതികൾ ഇന്റേണൽ കമ്മറ്റിയിലേക്ക് സമർപ്പിക്കണം. പോലീസ് സ്റ്റേഷനിൽ പരാതി നൽകാനാണ് സ്ത്രീയുടെ തീരുമാനമെങ്കിൽ ആവശ്യമായ പിന്തുണ നൽകാൻ കമ്മറ്റിക്ക് ഉത്തരവാദിത്വമുണ്ട്.



പരാതി നൽകുന്നതിന് ഒരു രീതിയുണ്ട്. സംഭവം നടന്ന് മൂന്ന് മാസത്തിനുള്ളിൽ തന്നെയാകണം പരാതി നൽകേണ്ടത്. തീയതി വച്ച പരാതിയിൽ എതിർകക്ഷി (കളുടെ) പേരും തസ്തികയും എഴുതണം. തുടർന്ന് സംഭവങ്ങളുടെ കൃത്യമായ തീയതികളും സമയവും സ്ഥലവും സാഹചര്യവും ഉണ്ടായ പെരുമാറ്റവും ക്രമമനുസരിച്ച് എഴുതണം. സാക്ഷികളുണ്ടെങ്കിൽ അവരുടെ പേര്, സംഭവം നടന്ന ഉടൻ ആരെങ്കിലുമായും പങ്കുവച്ചിട്ടുണ്ടെങ്കിൽ അവരുടെ പേര് വിവരങ്ങൾ, എന്തെങ്കിലും വിധത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവയും ഉൾപ്പെടുത്തിയാകണം പരാതി നൽകേണ്ടത്.
പക്ഷേ ഇതൊക്കെക്കൊണ്ട് കാര്യമുണ്ടോ സർ? പരാതി നൽകി പുറകേ നടന്നാലും നടപടിയൊക്കെ ഏത് കാലത്ത് ഉണ്ടാകാനാ?
ആ അവിടല്ലേ കാര്യം. പരാതികിട്ടി 90 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണം. പരാതി ശരിയാണെന്ന് തെളിഞ്ഞാൽ അന്വേഷണം പൂർത്തിയാക്കി 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് തയ്യാറാക്കി സ്ഥാപന മേധാവിക്കോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കോ നൽകണം.


എന്തൊക്കെ തരം നടപടികളാണ് IC യ്ക്ക് നിർദ്ദേ ശിക്കാനാകുക ?
രേഖാമൂലമുള്ള ക്ഷമാപണം, നോട്ടീസ് / മെമ്മോ, പ്രൊമോഷനോ ശമ്പളവർദ്ധ നവോ തടയൽ, സസ്പെൻഷൻ, പിരിച്ചുവിടൽ തുടങ്ങിയ ശിക്ഷാനടപടികൾ നിർദ്ദേശിക്കാം. 60 ദിവസത്തിനകം ഈ ശുപാർശ അനുസരിച്ചുള്ള നടപടി എടുത്തില്ലെങ്കിൽ സ്ഥാപനമേധാവി 50,000 രൂപ വരെയുള്ള പിഴ അടയ്ക്കേണ്ടിവരും.
പരാതികൊടുക്കുന്നവർക്കാ ണല്ലോ മാഡം പലപ്പോഴും ട്രാൻസ്ഫർ കൊടുക്കുന്നത്? അത് ശരിയായ കാര്യ മാണോ? ഇവിടെയും പരാതി കൊടുത്താൽ അത് തന്നെ സംഭവിക്കുമോ?


ഒരിക്കലുമില്ല. പരാതിക്കാരിക്ക് ട്രാൻസ്ഫർ കൊടുക്കുകയാണെങ്കിൽ അത് അവരുടെ താത്പര്യ പ്രകാരം മാത്രമാകണമെന്ന് നിയമത്തിൽ പ്രത്യേകം പറയുന്നുണ്ട്. മാത്രമല്ല കുറ്റം തെളിഞ്ഞാൽ പരാതിക്കാരിയെ എതിർ കക്ഷിയുടെ ഒപ്പമോ കീഴിലോ ജോലി ചെയ്യാൻ അനുവദിക്കരുത്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതാൻ അവസരം കൊടുക്കരുത് എന്നീ നിർദ്ദേശങ്ങളുമുണ്ട്.
കേട്ടിടത്തോളം ഇത് വളരെ നല്ല സംവിധാനമാണ്. പക്ഷേ ഒരു ഓഫീസിൽ ഇന്റേണൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് എങ്ങനെ അറിയാൻ പറ്റും?
കമ്മറ്റി രൂപീകരിച്ചാലുടൻതന്നെ അംഗങ്ങളുടെ പേരും ഫോൺ നമ്പരും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം. കൂടാതെ എല്ലാ തൊഴിലാളികൾക്കും നിയമം സംബന്ധിച്ച പരിശീലനം നൽകണം. അത്തരമൊരു പരിശീലനമാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. ഇനി പറയൂ, സ്ത്രീകൾ മാത്രമാണോ ഇതിൽ പങ്കെടുക്കേണ്ടത്?
ഒരിക്കലുമല്ല സാർ. ഈ ഓഫീസിലെ എല്ലാവരും ഇതിൽ പങ്കെടുക്കുന്നുണ്ടെന്ന് നമ്മൾ നിർബന്ധമായും ഉറപ്പുവരുത്തണം.അപ്പോൾ നമുക്ക് ഒരുമിച്ച് തന്നെ ക്ലാസ്സിലേക്ക് പോകാം.
അതെ നമുക്ക് ഒരുമിച്ച് ക്ലാസിൽ പങ്കെടുക്കാം

സ്ഥാപനത്തിലെ ഇന്റേണൽ കമ്മിറ്റിയുടെ വിവരങ്ങൾ ജീവനക്കാരൻ/ ജീവനക്കാരി പൂരിപ്പിച്ച് സ്ഥാപന മേധാവിയുടെ പരിശോധനയ്ക്കായി നൽകിയ ശേഷം ബുക്ക്ലെറ്റ് സ്വന്തം കൈവശം സൂക്ഷിക്കേണ്ടതാണ്.

## ഇന്റേണൽ കമ്മിറ്റി

| | |
|---|---|
| ചെയർപേഴ്സൺ | |
| മെമ്പർ 1 | |
| മെമ്പർ 2 | |
| NGO മെമ്പർ 3 | |

- സുരക്ഷിത തൊഴിലിടം സ്ത്രീ ജീവനക്കാരുടെ അവകാശം.
- പത്തോ അതിലധികമോ ജീവനക്കാർ പ്രവർത്തിയെടുക്കുന്ന സ്ഥലങ്ങളിൽ ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുക.
- തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമങ്ങൾക്കെതിരെ ഇന്റേണൽ കമ്മിറ്റി മുമ്പാകെ പരാതിപ്പെടാനും നീതി ഉറപ്പാക്കാനും സ്ത്രീ ജീവനക്കാർക്ക് അവകാശമുണ്ട്.
- സ്ഥാപനത്തിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം പത്തിൽ താഴെ ആണെങ്കിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ രൂപീകരിച്ചിട്ടുള്ള ജില്ലാതല ലോക്കൽ കമ്മിറ്റികളിൽ പരാതിപ്പെടാവുന്നതാണ്.
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 സെക്ഷൻ 6(2) പ്രകാരം വനിതാ ശിശു വികസന വകുപ്പിലെ 258 ശിശു വികസന പദ്ധതി ആഫീസർമാരെ നോഡൽ ആഫീസർമാരായി നിയമിച്ചിട്ടുണ്ട്.
- പരാതികൾ ലോക്കൽ കമ്മിറ്റികളിൽ സമർപ്പിക്കുന്നതിനായി ശിശു വികസന പദ്ധതി ആഫീസർമാരുടെ (CDPO) സഹായം ആവശ്യപ്പെടാവുന്നതാണ്.

**വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്**
**പൂജപ്പുര, തിരുവനന്തപുരം 695012**
Website: wcd.kerala.gov.in
email: Directorate.wcd@kerala.gov.in
Phone No: 0471-2346508